**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 156** **05-02-2026 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സർക്കാർ-സ്വകാര്യ ആശുപത്രികൾക്കും, ആരോഗ്യരംഗത്തെ വിവിധ ഏജൻസികൾക്കും കുടിശിക നൽകാനുള്ളത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ചികിത്സ ലഭ്യമാക്കിയതുമായി ബന്ധപ്പെട്ട് സർക്കാർ,സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക ഘട്ടം ഘട്ടമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു .കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ നിന്ന് എംപാനൽ ചെയ്ത ആശുപത്രികൾക്കുള്ള ഫണ്ട് വിതരണം FIFO Principle (FIRST IN FIRST OUT) കർശനമായി പാലിച്ചാണ് നൽകി വരുന്നത്.പദ്ധതി മാർഗരേഖ പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുമായി എംപാനൽ ചെയ്തിരിക്കുന്ന ആശുപത്രികൾക്ക് മാത്രമേ ക്ലെയിം തുക കൈമാറാൻ സാധിക്കുകയുള്ളൂ.ആശുപത്രിക്ക് നൽകേണ്ട കുടിശ്ശിക,ഫണ്ടുകളുടെ ലഭ്യത അനുസരിച്ചും FIFO Principle അനുസരിച്ചും ലഭ്യമാക്കുന്നതാണ് . |
| (ബി) | കുടിശിക എന്നുകൊടുത്തു തീർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി നൽകുന്ന ആനുകൂല്യങ്ങൾക്കും മരുന്ന് വാങ്ങുന്നതിനും തുക പരിമിതപ്പെടുത്തിക്കൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | പദ്ധതിപ്രകാരം നൽകുന്ന ചികിത്സാ- സേവന മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ